വാഹന അപകടങ്ങൾ

265 [579] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 20—8—1985 വരെ സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അതിൽ പ്രൈവറ്റ് ബസ്സുകൾ മൂലം എത്ര, കെ.എസ്.ആർ.ടി.സി. ബസ്സുകൾ മൂലം എത്ര;

(സി) അപകടങ്ങൾമൂലം എത്ര പേർ മരിച്ചു; എത്ര പേർക്ക് പരിക്കു പറ്റി;

(ഡി) ഇതിൽ സ്വകാര്യ ബസ്സുകൾ മൂലം എത്ര പേർ മരിച്ചു; കോർപ്പറേഷൻ ബസ്സുകൾമൂലം എത്ര പേർ മരിച്ചു;

(ഇ) കോർപ്പറേഷൻ ബസ്സുകൾമൂലം അപകടങ്ങൾ ഉണ്ടായതിന്റെ പേരിൽ എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ എടുത്തു; എത്ര പേരെ സർവ്വീസിൽനിന്ന് പിരിച്ചു വിട്ടു;

(എഫ്) തൃശ്ശൂരിലെ പുഴക്കൽ ബസ്സപകടം ഉണ്ടായതിന്റെ പേരിൽ ഡ്രൈവറുടെ പേരിൽ എന്ത് നടപടികളാണ് എടുത്തത്;

ഉത്തരം

(എ) 22253 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) പ്രൈവറ്റ് ബസ്സുകൾമൂലം 1252 ഉം കെ.എസ്. ആർ.ടി.സി. ബസ്സുകൾമൂലം 750 അപകടങ്ങളും സംഭവിച്ചിട്ടുണ്ട്.

(സി) അപകടങ്ങൾമൂലം 945 പേർ മരിക്കുകയും 23419 പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ ബസ്സുകൾ മൂലം 228—ഉം കെ.എസ്.ആർ. ടി.സി. ബസ്സുകൾ മൂലം 168—ഉം ആളുകൾ മരണപ്പെട്ടിട്ടുണ്ട്.

(ഇ) 313 ജീവനക്കാരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ട്. ആരെയും സർവ്വീസിൽനിന്ന് പിരിച്ചു വിട്ടിട്ടില്ല.

(എഫ്) പുഴയ്ക്കൽ ബസ്സപകടത്തിൽ ഉൾപ്പെട്ട ഡ്രൈവറെ സസ്പെൻറു ചെയ്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധക്ഷണികൾ

(1) പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വി.സി. കബീർ: സർ, ഈ കൊല്ലത്തെ ഗവൺമെൻറിന്റെ ഫിക്സേഷൻ നയംമൂലം മൂവായിരത്തോളം പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇന്ന് ശമ്പളം ഇല്ലാതെ വലയുകയാണ്. ഗവൺമെൻറിന്റെ
9.30 a.m.] പുതിയ വിദ്യാഭ്യാസ നയം മൂലം അദ്ധ്യാപകർ ഭയാകുലരായിട്ടാണ് കഴിയുന്നത്. അവരുടെ തലയ്ക്കു മീതെ 'ഡെമോക്ലിസിന്റെ വാൾ' പോലെ ഈ പ്രൊട്ടക്ഷൻ നിയമം തൂങ്ങി

LIBRARY ARCHIVES Kerala Legislative Assembly